**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - യു.പി.എസ് കെട്ടിടത്തിന് നബാർഡിൽ നിന്നും സഹായം - പദ്ധതി നിർവ്വഹണത്തിന് ടെണ്ടർ ക്ഷണിക്കുന്നതിന് മണ്ണ് പരിശോധന - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2161/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 06/08/2018

---

പരാമർശം:- പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.05.2018 ലെ എ 3/1003/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ ഠൗൺ യു.പി.എസ് കെട്ടിടത്തിന് വേണ്ടി നബാർഡിൽ നിന്ന് 1,75,00,000/-രൂപ അനുവദിച്ചിട്ടുണ്ടെന്നും, ടി പണിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുന്നതിന് മണ്ണ് പരിശോധനാ റിപ്പോർട്ട് കൂടി ആവശ്യമുണ്ടെന്നും പ്രസ്തുത മണ്ണ് പരിശോധനക്ക് വേണ്ടി തിരുവനന്തപുരം ഗവ.എൻജിനീയറിംഗ് കോളേജിൽ 50,000/- രൂപ ഡെപ്പോസിറ്റ് ചെയ്യേണ്ടതിനാൽ ടി തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്നും പരാമർശ കത്ത് പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ ഠൗൺ യു.പി.എസ് കെട്ടിടത്തിന്റെ പണിയ്ക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് മണ്ണ് പരിശോധന റിപ്പോർട്ട് ലഭിക്കുന്നതിനായി തിരുവനന്തപുരം ഗവ.എൻജിനീയറിംഗ് കോളേജിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50,000/- (അൻപതിനായിരം രൂപ) അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി / പ്രസിഡന്റ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ